**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2215** **11-10-2021 - ൽ മറുപടിയ്ക്ക്**

**ഗ്രാമീണ റോഡുകളുടെ നിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഗ്രാമീണ റോഡുകൾ എളുപ്പത്തിൽ പൊട്ടിപ്പൊളിയുന്നതും ഗതാഗത യോഗ്യമല്ലാതാവുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ ഗ്രാമീണ റോഡുകൾ പൊട്ടിപ്പൊളിയുന്നതും ഗതാഗത യോഗ്യമല്ലാതാവുന്നതും ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക്, കേടുപാടുകൾ പരിഹരിച്ച് റോഡുകൾ കാലോചിതമായി നവീകരിക്കാൻ നടപടി സ്വീകരിക്കാറുണ്ട്. |
| (ബി) | ഗ്രാമീണ, പഞ്ചായത്ത് റോഡുകൾ നവീകരിക്കുന്നതിനും ദീർഘകാലത്തേയ്ക്ക് നിലനിൽക്കുന്നതിനുമായി ബി.എം. & ബി.സി. നിലവാരത്തിൽ റോഡ് നിർമ്മിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കുമോ? | (ബി) | ഗ്രാമീണ, പഞ്ചായത്ത് റോഡുകൾ, മറ്റു റോഡുകൾ ബി.എം.& ബി.സി നിലവാരത്തിൽ ചെയ്യുന്നത് അതാത് റോഡുകളിലൂടെ കടന്നു പോകുന്ന വാഹനബാഹുല്യം കണക്കാക്കിയാകയാൽ, ആയത് എല്ലാ റോഡുകൾക്കും ആവശ്യമുള്ളതായി വരുന്നില്ല. ആവശ്യമുള്ള സാഹചര്യങ്ങളിൽ ബി.എം & ബി.സി നിലവാരത്തിലുള്ള റോഡുകൾ നിർമ്മിച്ചു വരുന്നുണ്ട്. ആയതിന് പ്രത്യേക പദ്ധതി തയ്യാറാക്കേണ്ട ആവശ്യമില്ലാത്തതുമാണ്. |

സെക്ഷൻ ഓഫീസർ